MCC Library

**D 43641** (Pages : 3) Name..............................

Reg. No..............................

# SECOND SEMESTER M.A. DEGREE EXAMINATION, JUNE 2018

(CUCSS)

Malayalam

## MAL 2C 05—ആധുനിക മലയാള ഗദ്യം

(MODERN PROSE)

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. അരപ്പുറത്തിൽ കവിയാതെ **പതിന്നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

1 "കൊല്ലണമെങ്കിൽ വല്ല സിനിമാതാരത്തെയോ കോടീശ്വരനെയോ കൊല്ലണം. എന്നാലേ ന്യൂസ് വാല്യൂ ഉള്ളൂ"—ഈ പ്രസ്താവത്തിന്റെ വിവക്ഷിതമെന്ത് ?

2 "അവരുടെ അച്ഛനു തന്റേടമില്ലായിരുന്നെങ്കിൽ എനിക്കുണ്ടായിരുന്നു. അതുകൊണ്ട് കുഴപ്പമൊന്നും പറ്റിയില്ല"—ഇങ്ങനെ പറഞ്ഞതാര് ? സന്ദർഭമേത് ?

3 "ഏൻ ഇനീം ഏതായാലും മറ്റൊരുത്തന്റെ പറകി ആകുകേല"—ആരാണിതു പറയുന്നത് ? എപ്പോൾ ?

4 ഒരു പച്ചത്തുമ്പിയെ നൂലിൽ കെട്ടിപ്പറപ്പിച്ചുകൊണ്ട് അവൻ കുട്ടികളുടെ നടുവിൽനിന്നു—ആര് ? ഏതു സന്ദർഭത്തിൽ ?

5 "ഡോക്ടർ, നിങ്ങൾ രോഗികളെ ചികിത്സിക്കുന്നതു ക്യാൻസർ വാർഡിലും ലെപ്രസി സാനിട്ടോറിയത്തിലും അയച്ചിട്ടാണോ ?"—സന്ദർഭവും ആശയവും വ്യക്തമാക്കുക.

6 കാളിദാസന്റെ ഉജ്ജയിനീ വർണ്ണനയുടെ പ്രത്യേകതയെന്ത് ?

7 "ലങ്ക ഇന്നൊരു പടുകിഴവിയാണ്. രാവണ രാജാവിന്റെ ചന്ദ്രഹാസം തുരുമ്പു പിടിച്ചിരിക്കുന്നു" —ആരുടെ വാക്കുകൾ ? സന്ദർഭവും വ്യക്തമാക്കുക.

8 "ഞാനാണ് നിന്റെയും എല്ലാവരുടെയും മാർഗദർശി എന്ന് നീ അറിഞ്ഞിരുന്നില്ല"—ഏതു സന്ദർഭത്തിൽ, ആരാണ് ഇങ്ങനെ പറയുന്നത് ?

9 "അബ്ബേ കിശോർ തമാശ കാണണമെങ്കിൽ വാ"—ആ തമാശ എന്തായിരുന്നു ?

10 അന്തമാനിലേക്കു പോവുകയില്ല എന്ന് മഖൻസിങ് തീരുമാനമെടുക്കാനുള്ള കാരണമെന്ത് ?

Turn over

MCC Library



11 നവീനതയുള്ള കാവ്യമാണ് നളിനിയെന്ന് ഏ.ആർ. വിലയിരുത്തിയത് ഏതൊക്കെ പ്രത്യേകതകൾ കണ്ടിട്ടാണ് ?

12 "അഥവാ അതു തന്നെയല്ലേ തണുപ്പും ഇരുട്ടും"—എന്ത് ? സൂചിതം വ്യക്തമാക്കുക.

13 'ഗണേശ് പോയിൻറിന് ആ പേരു വരാൻ കാരണമെന്ത് ?

14 തങ്ങളുടെ ദാരിദ്ര്യവും പരാധീനതയും ഇല്ലാതാക്കാൻ സഞ്ജയനും പറങ്ങോടനും കണ്ടെത്തിയ വഴിയെന്ത് ?

(14 × 1 = 14 weightage)

II. ഒന്നരപ്പുറത്തിൽ കവിയാതെ ഏഴു ചോദ്യത്തിന് ഉത്തരമെഴുതുക :

15 'മേഘരൂപൻ' എന്ന കവിതാശീർഷകത്തിൻെറ ശൈലീനിഷ്ഠമായ അർത്ഥതലമെന്ത് ?

16 മലയാളത്തിൻെറ ഏറ്റവും വിജയകരമായ രാഷ്ട്രീയ നാടകമാണ് 'പാട്ടബാക്കി' എന്നു പറയുന്നതെന്തുകൊണ്ട് ?

17 കുട്ടനാടൻ തൊഴിലാളികൾക്കിടയിൽ വർഗബോധം വ്യാപിക്കുന്ന പ്രക്രിയ 'രണ്ടിടങ്ങഴി' എന്ന നോവൽ വ്യക്തമാക്കുന്നതെങ്ങനെ ?

18 വി.കെ. എന്നിൻെറ ചരിത്രസമീപനത്തിൻെറ ഏതംശങ്ങളാണ് പിതാമഹൻെറ രചനാതന്ത്രത്തിൽ പ്രായോഗികമാകുന്നത് ?

19 ഇപ്പോൾ എനിക്കാരേം പേടിയില്ല. ഞാനല്ലാതെ ആരെങ്കിലും ഉണ്ടെന്നുതന്നെ എനിക്കു വിചാരമില്ല. വക്താവാര് ? ഈ വെളിപ്പെടുത്തലിൻെറ പശ്ചാത്തലമെന്ത് ?

20 ഗ്രാമീണ ജീവിതത്തിൻെറ മുദ്രകളാണ് എം.ടി.യുടെ കഥകളെ സുന്ദരമാക്കുന്ന സുപ്രധാന ഘടകം —നിരൂപിക്കുക.

21 ഖസാക്കിൻെറ ഇതിഹാസത്തെ മലയാള നോവലിലെ അവസ്ഥാന്തരത്തിൻെറ പ്രതീകമാക്കുന്നതെന്ത് ?

22 "പരമാർത്ഥത, പ്രയോജനം കൂടുംതോറും ക്രമേണ ഇടുങ്ങിയിടുങ്ങി സ്വാർത്ഥതയിൽ ചെന്നവസാനിക്കുന്നുവെന്നു തോന്നിപ്പോകും. അതിലേ നടക്കുമ്പോൾ"—സന്ദർഭവും ആശയവും വിശദമാക്കുക.

23 ദമനകൻ പിംഗളകൻെറ മന്ത്രിയായിത്തീർന്നതെങ്ങനെ ?

24 പ്രസംഗത്തെക്കുറിച്ച് പൊതുവിലുള്ള ആക്ഷേപമെന്ത് ?

(7 × 2 = 14 weightage)

MCC Library



III. അഞ്ചു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

25 "മലയാളത്തിലെ ഏറ്റവും കരുത്തുറ്റ സാഹിത്യജനുസ്സ് ചെറുകഥയാണ് "—ഈ നിരൂപകാഭിപ്രായത്തോട് പ്രതികരിച്ചുകൊണ്ട് ഒരു സംവാദം തയ്യാറാക്കുക.

26 കരടും കലർപ്പുമില്ലാത്ത സരളശൈലി കൊണ്ടാണ് ഇ.വി. കൃഷ്ണപിള്ളയുടെ ഉപന്യാസങ്ങൾ ശ്രദ്ധേയമാകുന്നത്—നിരൂപിക്കുക.

27 കർമ്മ പരമ്പരയുടെ സ്നേഹരഹിതമായ കഥയാണ് ജീവിതം. അതിൽ അകൽച്ചയും ദുഃഖവും മാത്രമേയുള്ളു—ഖസാക്കിൻെറ ഇതിഹാസത്തിൻെറ പ്രമേയം വികസിക്കുന്നത് ഈ ദർശനത്തിനു മുകളിലാണ്—വിലയിരുത്തുക.

28 അനിവാര്യമായ ദുരന്തത്തിലേക്കു മാത്രം ഉയർന്നെത്താൻ കഴിയുന്ന അസാധാരണ പ്രതിഭയുടെ ഉടമയാണ് രാവണൻ—സി.എൻ. ശ്രീകണ്ഠൻനായരുടെ ലങ്കാലക്ഷ്മിയെ ആസ്പദമാക്കി വിശകലനം ചെയ്യുക.

(2 × 4 = 8 weightage)